# കേരള സർവകലാശാല

നം. പി.ആർ.253/2017 ഫോൺ : 2305738

## പത്രക്കുറിപ്പ്

## ഒന്നാം വർഷ ബിരുദാനന്തരബിരുദ പ്രവേശനം – 2017
## എസ്.സി/എസ്.ടി. മേഖലാതലത്തിലുള്ള സ്പോട്ട് അലോട്ട്മെന്റ്
## നവംബർ 22–നും 23–നും.

2017–18–ലെ ഒന്നാം വർഷ ബിരുദാനന്തര ബിരുദ പ്രവേശനവുമായി ബന്ധപ്പെട്ട് ഒഴിവുള്ള എസ്.സി./എസ്.ടി. സീറ്റുകളിലേയ്ക്ക് മേഖലാതലത്തിൽ സ്പോട്ട് അലോട്ട്മെന്റ് നടത്തുന്നു. തിരുവനന്തപുരം മേഖലയിലുള്ള കോളേജുകളിൽ ഓപ്ഷൻ നൽകിയിട്ടുള്ള വിദ്യാർത്ഥികൾ സർവകലാശാല സെനറ്റ് ഹാളിൽ നവംബർ 22–നും കൊല്ലം മേഖലയിലുള്ള കോളേജുകളിൽ ഓപ്ഷൻ നൽകിയിട്ടുള്ള വിദ്യാർത്ഥികൾ കൊല്ലം എസ്.എൻ.കോളേജിൽ നവംബർ 23–നും ഹാജരാകേണ്ടതാണ്. ഓരോ മേഖലയിലും ഉൾപ്പെടുത്തിയിരിക്കുന്ന കോളേജുകളുടേയും അതത് കോളേജുകളിൽ ഒഴിവുള്ള സീറ്റുകളുടെയും വിശദവിവരം സർവകലാശാല വെബ്സൈറ്റിൽ (http://admissions.keralauniversity.ac.in) പ്രസിദ്ധീകരിക്കും. രാവിലെ 9 മണി മുതൽ 11 മണി വരെ എസ്.സി./എസ്.ടി. വിദ്യാർത്ഥികൾ ഓൺലൈൻ അപേക്ഷയുടെ പ്രിന്റ് ഔട്ട് സഹിതം ഹാജരായി റിപ്പോർട്ട് ചെയ്യണം. പ്രിന്റൗട്ട് കൈവശമില്ലാതെ വരുന്ന വിദ്യാർത്ഥികളെ പരിഗണിക്കുന്നതല്ല. നിലവിൽ കോളേജുകളിൽ പഠിച്ചുകൊണ്ടിരിക്കുന്ന വിദ്യാർത്ഥികൾ സ്പോട്ട് അലോട്ട്മെന്റിൽ പ്രവേശനം ഉറപ്പായാൽ മാത്രമേ ടി.സി.വാങ്ങുവാൻ പാടുള്ളൂ. ഇതുവരെ പ്രവേശനം ലഭിക്കാതെ സ്പോട്ട് അലോട്ട്മെന്റിൽ പങ്കെടുക്കാൻ വരുന്ന വിദ്യാർത്ഥികളുടെ കൈവശം യോഗ്യതയും ജാതിയും തെളിയിക്കുന്ന അസ്സൽ സർട്ടിഫിക്കറ്റുകൾ ഉണ്ടായിരിക്കണം. സ്പോട്ട് അലോട്ട്മെന്റിൽ പങ്കെടുക്കാൻ വരുന്ന ആർക്കും തന്നെ സർട്ടിഫിക്കറ്റ് ഹാജരാക്കുവാൻ പ്രത്യേക സമയം അനുവദിക്കുന്നതല്ല. കോളേജും കോഴ്സും അലോട്ട് ചെയ്തു കഴിഞ്ഞാൽ യാതൊരു കാരണവശാലും മാറ്റം അനുവദിക്കുകയില്ല. രജിസ്ട്രേഷൻ സമയം (രാവിലെ 9 മുതൽ 11 മണി വരെ) കഴിഞ്ഞു വരുന്നവരെ ഒരു കാരണവശാലും പരിഗണിക്കുന്നതല്ല. രജിസ്ട്രേഷൻ സമയത്ത് റിപ്പോർട്ട് ചെയ്യുന്ന വിദ്യാർത്ഥികളിൽ നിന്നും സർവകലാശാല തയ്യാറാക്കുന്ന റാങ്ക് പട്ടികയുടെ അടിസ്ഥാനത്തിലാണ് പ്രവേശനം നടക്കുക. രജിസ്ട്രേഷൻ ഇല്ലാത്തവരേയും ഓൺലൈൻ അപേക്ഷ സമർപ്പിച്ചിട്ടില്ലാത്തവരെയും യാതൊരു കാരണവശാലും ഈ അലോട്ട്മെന്റിൽ പരിഗണിക്കുന്നതല്ല. അലോട്ട്മെന്റ് ലഭിച്ചാൽ ഉടൻ തന്നെ ഒടുക്കേണ്ടതായ പ്രവേശന ഫീസ് (340/- രൂപ) കൈയിൽ കരുതേണ്ടതാണ്. ഇതിനായി കൂടുതൽ സമയം അനുവദിക്കുന്നതല്ല. നിലവിൽ കോളേജുകളിൽ പഠിച്ചുകൊണ്ടിരിക്കുന്ന വിദ്യാർത്ഥികൾ കോളേജിൽ നിന്നും ലഭിച്ച തിരിച്ചറിയൽ കാർഡ്, ഓൺലൈൻ അപേക്ഷയുടെ പ്രിന്റൗട്ട് എന്നിവ നിർബന്ധമായും ഹാജരാക്കേണ്ടതാണ്. പ്രവേശന ഫീസായ 340/- രൂപ മുൻപ് ഒടുക്കിയിട്ടുള്ള വിദ്യാർത്ഥികൾ വീണ്ടും ഈ തുക ഒടുക്കേണ്ടതില്ല. ആയതിനാൽ അവർ ഈ തുക ഒടുക്കിയ രസീതിന്റെ പകർപ്പ് നിശ്ചയമായും കൈവശം സൂക്ഷിക്കേണ്ടതാണ്.

## ബി.എ പരീക്ഷ

കേരള സർവകലാശാല ഡിസംബറിൽ ആരംഭിക്കുന്ന മൂന്നാം സെമസ്റ്റർ ബി.എ ഓണേഴ്സ് ഡിഗ്രി പ്രോഗ്രാം ഇൻ ഇംഗ്ലീഷ് ലാംഗ്വേജ്, ആന്റ് ലിറ്ററേച്ചർ പരീക്ഷയ്ക്ക് പിഴ കൂടാതെ നവംബർ 23 (50 രൂപ പിഴയോടെ നവംബർ 25, 125 രൂപ പിഴയോടെ നവംബർ 27) വരെയും 2018 ജനുവരിയിൽ ആരംഭിക്കുന്ന ഒന്നാം സെമസ്റ്റർ ബി.എ ഓണേഴ്സ് ഡിഗ്രി പ്രോഗ്രാം പരീക്ഷയ്ക്ക് പിഴ കൂടാതെ നവംബർ 27 (50 രൂപ പിഴയോടെ നവംബർ 29, 125 രൂപ പിഴയോടെ ഡിസംബർ ഒന്ന്) വരെയും ഫീസടച്ച് അപേക്ഷിക്കാവുന്നതാണ്.

## ബി.എ/ബി.എസ്സി/ബി.കോം പരീക്ഷ മാറ്റി

കേരള സർവകലാശാല ഡിസംബർ നാലിന് നടത്താനിരുന്ന മൂന്നാം സെമസ്റ്റർ സി.ബി.സി.എസ് ബി.എ/ബി.എസ്സി/ബി.കോം പരീക്ഷ ഡിസംബർ 14 ലേക്ക് മാറ്റി.

## ദേശീയ സെമിനാർ

കേരള സർവകലാശാല ബോട്ടണി പഠനവകുപ്പിന്റെയും കാലിക്കറ്റ് സർവക ലാശാല ഗ്രിഗർ മെൻഡൽ ഫൗണ്ടേഷന്റെ ആഭിമുഖ്യത്തിൽ നവംബർ 23, 24 തീയതികളിൽ ബോട്ടണി പഠനവകുപ്പ് സെമിനാർ ഹാളിൽ നടത്തുന്ന 'മോഡേൺ ട്രെൻഡ്സ് ഇൻ കൺസർവേഷൻ, യൂറ്റിലൈസേഷൻ ആന്റ് ഇംപ്രൂവ്മെന്റ് ഓഫ് പ്ലാന്റ് ജെനറ്റിക് റിസോഴ്സസ്' എന്ന വിഷയത്തിൽ ദേശീയ സെമിനാർ ഡോ. അർച്ചനാ മുഖർജി (ഡയറക്ടർ സി.റ്റി.സി.ആർ.ഐ) ഉദ്ഘാടനം ചെയ്യും. പ്രൊഫ: (ഡോ) പി.വി. മധുസൂധനൻ ജി.എം.എഫ് പ്രസി ഡന്റ് അദ്ധ്യക്ഷപ്രസംഗം നടത്തും. വിശദവിവരം (ww.keralauniversity.ac.in) വെബ്സൈറ്റിൽ ലഭിക്കും.

## ഭാഷാവിഭവഭൂപട ശിൽപശാല

കേരള സർവകലാശാല ഭാഷാശാസ്ത്ര വകുപ്പിലെ യു.ജി.സി സെന്റർ ഫോർ എൻഡെയ്ജേഡ് ലാംഗ്വേജസ് ഓഫ് കേരള (ചെൽക്ക്) കേരളത്തിന്റെ സമഗ്ര മായ ഭാഷാവിഭവഭൂപടം വികസിപ്പിക്കുന്നു. പല ഘട്ടങ്ങളിലായുള്ള പ്രവർത്തന ശിൽപശാലകളിലൂടെയാണ് ഈ പദ്ധതി നടപ്പാക്കുന്നത്. ഡിസം ബർ രണ്ടാം വാരം നടത്താൻ ഉദ്ദേശിക്കുന്ന ഈ ശിൽപശാലകളിലേക്കായി പലമേഖലകളിലെ വിദഗ്ധരുടെ ഒരു പാനൽ തയ്യാറാക്കുന്നു. ഭാഷാശാസ്ത്രം, നരവംശശാസ്ത്രം, ജേർണലിസം, ഫോക്ക്ലോർ, ഡിജിറ്റൽ ഭൂപട നിർമ്മാണം, ഫോട്ടോഗ്രാഫി, സാമൂഹ്യശാസ്ത്രം, ഡാറ്റാബേസ് മാനേജ്മെന്റ് എന്നീ മേഖല കളിലെ വിദഗ്ധർക്ക് ഈ ശില്പശാലകളിൽ പങ്കെടുക്കാം. ആദിവാസിഭാഷക ളിലെ ഭാഷാ ആക്ടിവിസ്റ്റുകളെ പ്രത്യേകം ക്ഷണിക്കുന്നു. അക്കാദമിക യോഗ്യതയോടൊപ്പം, പ്രവർത്തന മികവാണ് ശിൽപശാലയിലേക്കുള്ള തെര ഞ്ഞെടുപ്പിന്റെ മാനദണ്ഡം. ബയോഡേറ്റയോടൊപ്പം കേരളത്തിലെ വലുതും ചെറുതുമായ ഭാഷകളുടെ വികസനത്തിനും സംരക്ഷണത്തിനുമുള്ള നിങ്ങ ളുടെ നൂതന ആശയങ്ങളും 2017 നവംബർ 30 ന് മുൻപ് അയക്കണം. വിലാസം **Coordinator, CeLK: UGC- Centre for Endangered Languages of Kerala, Dept. of Linguistics, University of Kerala, Kariavattom Campus, Thiruvananthapuram, Kerala 695581, (M) 9446084361.**

## ദേശീയ ലൈബ്രറി വാരാഘോഷം – 2017
## സമാപനവും മധുമതി എൻഡോവ്മെന്റ് വിതരണവും

കേരള സർവകലാശാല ലൈബ്രറിയുടെ ആഭിമുഖ്യത്തിൽ നടന്നുവരുന്ന ദേശീയ ലൈബ്രറി വാരാഘോഷപരിപാടികളുടെ സമാപനം മലയാള സർവകലാശാല മുൻ വൈസ് ചാൻസിലർ ഡോ. കെ. ജയകുമാർ ഐ.എ.എസ് ഉദ്ഘാടനം ചെയ്യും. നവംബർ 22 ന് ഉച്ചയ്ക്ക് 2.30 ന് ലൈബ്രറി ഹാളിൽ നടക്കുന്ന സമ്മേളനത്തിൽ സിൻഡിക്കേറ്റ് മെമ്പർ അഡ്വ. എ.എ റഹീം വിശിഷ്ടാതിഥിയായിരിക്കും. സർവകലാശാല ലൈബ്രറിയിൽ അസിസ്റ്റന്റ് ലൈബ്രേറിയനായിരിക്കെ അന്തരിച്ച എം.എസ്. മധുമതിയുടെ സ്മരണാർത്ഥം ഏർപ്പെടുത്തിയ എൻഡോവ്മെന്റ് ചടങ്ങിൽ വിതരണം ചെയ്യും. സർവകലാശാല ലൈബ്രേറിയൻ-ഇൻ-ചാർജ് എ. ഹംസ അദ്ധ്യക്ഷത വഹിക്കും. ഡോ. ആർ. രഘുനാഥൻ നായർ, ഡോ. വിളക്കുടി രാജേന്ദ്രൻ തുടങ്ങിയവർ പ്രഭാഷണം നടത്തും.

## ദേശീയ സെമിനാർ

കേരള സർവകലാശാല സ്കൂൾ ഓഫ് ഡിസ്റ്റന്റ് എഡ്യുക്കേഷനിലെ ചരിത്ര പഠനവകുപ്പിന്റെ ആഭിമുഖ്യത്തിൽ സെനറ്റ് ചേമ്പറിൽ 'ജെൻഡർ ഇക്വാലിറ്റി ഇൻ കണ്ടംപററി ഇന്ത്യ: ഇഷ്യൂസ് ആന്റ് ചലഞ്ചസ്' എന്ന വിഷയത്തിൽ ദേശീയ സെമിനാർ നവംബർ 21-ന് ബഹുമാനപ്പെട്ട ടൂറിസം & ദേവസ്വം വകുപ്പ് മന്ത്രി കടകംപള്ളി സുരേന്ദ്രൻ ഉദ്ഘാടനം ചെയ്തു. ശിൽപ്പശാല 23-ന് സമപിക്കും.

## യൂറോപ്യൻ യൂണിയൻ സംഘം സർവകലാശാല സന്ദർശിച്ചു

ഉന്നത വിദ്യാഭ്യാസ രംഗത്ത് അന്തർദേശീയ സഹകരണത്തിനുള്ള സാധ്യതകൾ ആരായുന്നതിന്റെ ഭാഗമായി യൂറോപ്യൻ യൂണിയനിൽ നിന്നുള്ള 14 അംഗസംഘം കേരള സർവകലാശാല സന്ദർശിച്ചു. യൂറോപ്യൻ യൂണിയൻ റിസർച്ച് ആന്റ് ഇന്നോവേഷൻ മേധാവി ശ്രീമതി ടാനിയ ഫ്രെഡറിക്സിന്റെ നേതൃത്തിലുള്ള സംഘം സർവകലാശാല വൈസ് ചാൻസലർ ഡോ. പി.കെ രാധാകൃഷ്ണനുമായി കൂടികാഴ്ച നടത്തി. സർവകലാശാലയുടെ വിവിധ സ്കൂൾ ഡയറകർമാരുമായുള്ള യോഗത്തിൽ ബെൽജിയം, ഡെൻമാർക്ക്, ഫ്രാൻസ്, ജർമ്മനി, ഈറ്റലി, സ്വീഡൻ, സ്വിറ്റ്സർലാൻഡ്, യു.കെ എന്നീ രാജ്യങ്ങളിൽ നിന്നുള്ള പ്രതിനിധികൾ അക്കാദമിക ഗവേഷണ രംഗങ്ങളിലെ സംയോജിത പ്രവർത്തനങ്ങൾക്കുള്ള സാധ്യതകൾ ചർച്ചചെയ്തു. കേരള സർവകലാശാല സെന്റർ ഫോർ ഗ്ലോബൽ അക്കാദമിക്സ് (സി.എ.ജി), ഇന്റേണൽ ക്വാളിറ്റി അഷ്യൂറൻസ് സെല്ലും സംയുക്തമായാണ് വിദേശ പ്രതിനിധികളുടെ സന്ദർശനം സംഘടിപ്പിച്ചത്. ഉന്നത വിദ്യാഭ്യാസരംഗത്തും ഗവേഷണ മേഖലകളിലും യോജിച്ചു പ്രവർത്തിക്കാൻ സഹായിക്കുന്ന വിഷയങ്ങൾ കണ്ടെത്തി അന്തർദേശീയ സഹകരണം ഉറപ്പുവരുത്താൻ സാധിക്കുമെന്ന് യോഗത്തിൽ ശ്രീമതി. ടാനിയ ഫ്രെഡറിക്സ് പ്രത്യാശ പ്രകടിപ്പിച്ചു. സെന്റർ ഫോർ ഗ്ലോബൽ അക്കാദമിക്സ് ഡയറക്ടർ ഡോ. ബിജു കുമാർ, ഇന്റേണൽ ക്വാളിറ്റി അഷ്യൂറൻസ് സെൽ ഡയറക്ടർ ഡോ. അച്യുത്ശങ്കർ എസ് നായർ എന്നിവർ സംസാരിച്ചു. നിയമപഠന വകുപ്പ് മേധാവി ഡോ. ബിസ്മി ഗോപാലകൃഷ്ണൻ സ്വാഗതം ആശംസിച്ചു.
(ഫോട്ടോ ഈമെയിൽ അയിച്ചിട്ടുണ്ട്)





തിരുവനന്തപുരം.
21.11.2017

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

**e-mail: ku.release@gmail.com** **website: www.keralauniversity.ac.in**

**University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098**